# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4312 13/12/2018-ൽ മറുപടി നൽകേണ്ടിയിരുന്നത്**

**അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ വസ്തുവകകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.അൻവർ സാദത്ത്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കെ.എസ്.സി.ബി.യുടെ കീഴിലുള്ള അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (എ.സി.എസ്.ടി.ഐ.) വസ്തുവകകൾ ചാരിറ്റബിൾ സൊസൈറ്റി/ട്രസ്റ്റ് രൂപീകരിച്ച് കൈമാറാനോ പാട്ടത്തിന് നൽകുവാനോ തീരുമാനിച്ചിട്ടുണ്ടോ; | (എ) | 29.11.2017-ാം തീയതിയിൽ കൂടിയ എ.സി.എസ്.ടി.ഐ.യുടെ സ്റ്റാൻഡിംഗ് കമ്മിറ്റിയും തുടർന്ന് 01.09.2018-ൽ ചേർന്ന ബാങ്കിന്റെ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററുടെ യോഗത്തിലും വസ്തുവകകൾ പാട്ടത്തിനു നൽകുന്നതിനായി സഹകരണ സംഘം രജിസ്ട്രാറോട് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലും സർക്കാർ ഉത്തരവ് നം.സാധാ/ 533/2018 സഹ തീയതി, 27.08.2018 പ്രകാരം രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ 12.09.2018-ലെ ആറാമത് യോഗ തീരുമാനപ്രകാരമുള്ള ശുപാർശ പ്രകാരവും കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ വസ്തു ACSTI-ക്ക് 30 വർഷത്തേയ്ക്ക് ലീസിന് നൽകുന്നതിന് കരാറിൽ ഏർപ്പെടുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | വസ്തുവകകൾ കൈമാറാനോ പാട്ടത്തിനോ നൽകാൻ തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ, ഈ തീരുമാനം കൈക്കൊള്ളാൻ ബാങ്കിന്റെ പാർട് ടൈം അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിക്ക് അധികാരമുണ്ടോ; | (ബി) | സഹകരണ സ്ഥാപനത്തിന്റെ ആസ്തി ലീസിന് നൽകുന്നതിന്, രജിസ്ട്രാറുടെ അനുമതിക്ക് വിധേയമായി തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി ഇല്ലാത്ത വേളയിൽ അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് തീരുമാനം എടുക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | വസ്തു കൈമാറ്റത്തിന് എൻ.സി.ഡി.സി.യുടെ അനുവാദം ലഭിച്ചിട്ടുണ്ടോ; | (സി) | വസ്തു ലീസിന് നൽകുന്നതിനു മാത്രമെ അനുമതി നൽകിയിട്ടുള്ളൂ. |
| (ഡി) | പുതുതായി രൂപീകരിക്കുന്ന ചാരിറ്റബിൾ സൊസൈറ്റി/ ട്രസ്റ്റിന് എ.സി.എസ്.ടി.ഐ. യുടെ വസ്തു വകകൾ കൂടാതെ സാമ്പത്തിക സഹായവും കൂടി നൽകാൻ ബാങ്ക് തീരുമാനമെടുത്തിട്ടുണ്ടോ; | (ഡി) | 27.08.2018-ലെ സർക്കാർ ഉത്തരവ് G.O(Rt)533/2018-ലെ നിർദ്ദേശ പ്രകാരം രൂപീകൃതമായ കോർപ്പസ് ഫണ്ടിലേയ്ക്ക് 5 കോടി രൂപ നൽകിയിട്ടുണ്ട്. |
| (ഇ) | ഉണ്ടെങ്കിൽ നിലവിൽ സഞ്ചിത നഷ്ടം പേറുന്ന ബാങ്കിന് ഈ തീരുമാനം ഉചിതമാണോയെന്ന് അറിയിക്കുമോ ? | (ഇ) | എ.സി.എസ്.ടി.ഐ യെ ഒരു ഗവേഷണ സ്ഥാപനമായി ഉയർത്തുന്നതിനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനുള്ള നയപരമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ